**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3439** **02-03-2023 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് കൃഷി ഭവൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം കൃഷി ഭവനുകളെയാണ് സ്മാർട്ട് കൃഷി ഭവനുകളാക്കി മാറ്റുന്നതിനായി തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാന വാർഷിക പദ്ധതിയായ "സ്മാർട്ട് കൃഷിഭവൻ" പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ മംഗലപുരം കൃഷിഭവനെയും, കരകുളം കൃഷിഭവനെയുമാണ് സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. കൂടാതെ നബാർഡിന്റെ സാമ്പത്തിക സഹായത്തോട്ടുകൂടിയ ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 27 പദ്ധതിയിൽ ഉൾപ്പെടുത്തി നഗരൂർ കൃഷിഭവനെയും സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ആയതിലേക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | സംസ്ഥാന വാർഷിക പദ്ധതിയായ "സ്മാർട്ട് കൃഷിഭവൻ" പദ്ധതി പ്രകാരം മംഗലപുരം, കരകുളം എന്നീ കൃഷിഭവനുകളുടെ നവീകരണം പുരോഗമിച്ചു വരുന്നു. പദ്ധതി നടത്തിപ്പിനായി ജില്ലയ്ക്ക് അനുവദിച്ച 25 ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 27 പദ്ധതി പ്രകാരം നഗരൂർ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള സോയിൽ ടെസ്റ്റ് പൂർത്തിയാക്കി ടെൻഡർ ഫ്ലോട്ട് ചെയ്യുന്നതിനുള്ള നടപടികൾ കെ.എൽ.ഡി.സി മുഖാന്തിരം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ